# തൗഹീദ് സാക്ഷാൽക്കാരഫലം

അല്ലാഹു ﷻ പറഞ്ഞു:

﴿ إِنَّ إِبْرَٰهِيمَ كَانَ أُمَّةً قَانِتًا لِّلَّهِ حَنِيفًا وَلَمْ يَكُ مِنَ ٱلْمُشْرِكِينَ ﴾

(തീർച്ചയായും ഇബ്രാഹീം അല്ലാഹുവിന് കീഴ്പ്പെട്ടുജീവിക്കുന്ന നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു. അദ്ദേഹം ബഹുദൈവവാദികളിൽപ്പെട്ടവനായിരുന്നില്ല.) (വി.ക്വു. 16: 120)

അല്ലാഹു ﷻ പറയുന്നു:

﴿ وَٱلَّذِينَ هُم بِرَبِّهِمْ لَا يُشْرِكُونَ ﴾

(തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കാത്തവരാരോ അവരും.) (വി.ക്വു.23: 59)

ഹുസൈ്വൻ ഇബ്നു അബ്ദുറഹ്മാൻ ؓവിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു:

كُنْتُ عِنْدَ سَعِيدِ بْنِ جُبَيْرٍ ؓ فَقَالَ: أَيُّكُمْ رَأَى الْكَوْكَبَ الَّذِي انْقَضَّ الْبَارِحَةَ؟ قُلْتُ: أَنَا. ثُمَّ قُلْتُ: أَمَا إِنِّي لَمْ أَكُنْ فِي صَلاَةٍ. وَلَكِنِّي لُدِغْتُ. قَالَ: فَمَاذَا صَنَعْتَ؟ قُلْتُ: ارْتَقَيْتُ. قَالَ: فَمَا حَمَلَكَ عَلَى ذَلِكَ؟ قُلْتُ: حَدِيثٌ حَدَّثَنَاهُ الشَّعْبِيّ. قَالَ: وَمَا حَدَّثَكُمُ الشَّعْبِيّ؟ قُلْتُ: حَدَّثَنَا عَنْ بُرَيْدَةَ بْنِ حُصَيْبٍ, أَنَّهُ قَالَ: لاَ رُقْيَةَ إِلاَّ مِنْ عَيْنٍ أَوْ حُمَةٍ. قَالَ: قَدْ أَحْسَنَ مَنِ انْتَهَى إِلَى مَا سَمِعَ. وَلَكِنْ حَدَّثَنَا ابْنُ عَبَّاسٍ عَنِ النَّبِيِّ ﷺ أنه قَالَ: «عُرِضَتْ عَلَيَّ الأُمَمُ. فَرَأَيْتُ النَّبِيَّ وَمَعَهُ الرَّهْطُ.

وَالنَّبِيَّ وَمَعَهُ الرَّجُلُ وَالرَّجُلاَنِ. وَالنَّبِيَّ وَلَيْسَ مَعَهُ أَحَدٌ. إِذْ رُفِعَ لِي سَوَادٌ عَظِيمٌ. فَظَنَنْتُ أَنَّهُمْ أُمَّتِي. فَقِيلَ لِي: هَذَا مُوسَى وَقَوْمُهُ. وَلَكِنِ انْظُرْ إِلَى الأُفُقِ. فَنَظَرْتُ ، فَإِذَا سَوَادٌ عَظِيمٌ. فَقِيلَ لِي: هَذِهِ أُمَّتُكَ. وَمَعَهُمْ سَبْعُونَ أَلْفاً يَدْخُلُونَ الْجَنَّةَ بِغَيْرِ حِسَابٍ وَلاَ عَذَابٍ».

فَنَهَضَ فَدَخَلَ مَنْزِلَهُ. فَخَاضَ النَّاسُ فِي أُولَئِكَ. فَقَالَ بَعْضُهُمْ: فَلَعَلَّهُمُ الَّذِينَ صَحِبُوا رَسُولَ اللَّهِ ﷺ. وقَالَ بَعْضُهُمْ: فَلَعَلَّهُمُ الَّذِينَ وُلِدُوا فِي الإِسْلاَمِ فَلَمْ يُشْرِكُوا بِاللهِ شَيْئاً. وَذَكَرُوا أَشْيَاءَ.

فَخَرَجَ عَلَيْهِمْ رَسُولُ اللَّهِ ﷺ فَأَخْبَرُوهُ. فَقَالَ: «هُمُ الَّذِينَ لاَ يَسْتَرْقُونَ، وَلاَ يَكْتَوُونَ ، وَلاَ يَتَطَيَّرُونَ ، وَعَلَى رَبِّهِمْ يَتَوَكَّلُونَ»، فَقَامَ عُكَّاشَةُ بْنُ مِحْصَنٍ، فَقَالَ: يا رسول الله ادْعُ اللهَ أَنْ يَجْعَلَنِي مِنْهُمْ. قَالَ: «أَنْتَ مِنْهُمْ» ثُمَّ قَامَ رَجُلٌ آخَرُ فَقَالَ: ادْعُ اللهَ أَنْ يَجْعَلَنِي مِنْهُمْ. فَقَالَ: «سَبَقَكَ بِهَا عُكَّاشَةُ».

''ഞാൻ സഈദ് ഇബ്നു ജുബൈറിന്റെﷺ കൂടെയായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: കഴിഞ്ഞ രാവിൽ ഉതിർന്നുവീണ നക്ഷത്രത്തെ കണ്ടവർ നിങ്ങളിലാരുണ്ട്? അപ്പോൾ ഞാൻ പറഞ്ഞു: ഞാൻ, (ഞാൻ കണ്ടിരിക്കുന്നു). പിന്നീട് ഞാൻ പറഞ്ഞു: ഞാൻ നമസ്കാരത്തിലായിരുന്നില്ല. കാരണം, എനിക്ക് തേളുകടി ഏറ്റിരുന്നു. അദ്ദേഹം പറഞ്ഞു: അപ്പോൾ താങ്കൾ എന്താണ് ചെയ്തത്? ഞാൻ മന്ത്രമൂതി. അദ്ദേഹം പറഞ്ഞു: അതിന് നിങ്ങളെ പ്രേരിപ്പിച്ചത് എന്താണ്? ഞാൻ പറഞ്ഞു: (ഇമാം) ശഅ്ബി ഞങ്ങളോട് പറഞ്ഞ ഹദീഥാണ്. അദ്ദേഹം നിങ്ങളോട് എന്താണ് പറഞ്ഞത്? ഞാൻ പറഞ്ഞു: ബുറൈദ ഇബ്നു ഹുസൈബിൽ നിന്നും അദ്ദേഹം പറഞ്ഞതായി ഞങ്ങളോട് പറഞ്ഞു: "കണ്ണേറിനും വിഷബാധയ്ക്കും അല്ലാതെ മന്ത്രമേ ഇല്ല" അദ്ദേഹം പറഞ്ഞു: തനിക്ക് എത്തിയ അറിവ് സ്വീകരിക്കുകയും ആ അറിവിനനുസ്സരിച്ച് അമൽ ചെയ്തവർ വലിയ

നന്മയാണ് പ്രവർത്തിച്ചത്. പക്ഷേ നബിﷺ തങ്ങൾ പറഞ്ഞതായി അബ്ദുല്ലാഹ് ഇബ്നു അബ്ബാസ്ﷺ ഞങ്ങളോട് പറഞ്ഞു: “സമുദായങ്ങൾ എനിക്ക് വെളിപ്പെടുത്തപ്പെട്ടു. അപ്പോൾ ഒരു നബിയെ ഞാൻ കണ്ടു. അദ്ദേഹത്തോടൊപ്പം പത്തിൽ കുറഞ്ഞ ആൾക്കൂട്ടമുണ്ട്. മറ്റൊരു നബിയെ കണ്ടു അദ്ദേഹത്തോടൊപ്പം ഒന്ന് രണ്ട് ആളുകൾ. മറ്റൊരു നബിയെ കണ്ടു അദ്ദേഹത്തോടൊപ്പം ഒരാളും ഇല്ല. അത്തരുണത്തിൽ മഹത്തായ ഒരാൾക്കൂട്ടം എനിക്ക് വേണ്ടി ഉയർത്തപ്പെട്ടു. അപ്പോൾ ഞാൻ വിചാരിച്ചു എന്റെ ഉമ്മത്തികൾ തന്നെയെന്ന്. തദവസരത്തിൽ എന്നോട് പറയപ്പെട്ടു. ഇത് മൂസായും അദ്ദേഹത്തിന്റെ സമൂഹവുമാണ്. പിന്നീട് ഞാൻ നോക്കി, അപ്പോഴതാ മഹത്തായ ഒരു ജനതതി. അപ്പോൾ എന്നോട് പറയപ്പെട്ടു. ഇത് നിന്റെ ഉമ്മത്തികളാണ് അവരുടെ കൂടെ എഴുപതിനായിരം (70,000) ആളുകളുണ്ട്. അവർ വിചാരണയോ ശിക്ഷയോ കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കും.”

ശേഷം പ്രവാചകൻﷺ എഴുന്നേറ്റ് തന്റെ വീട്ടിൽ പ്രവേശിച്ചു. ജനങ്ങൾ അക്കൂട്ടരുടെ വിഷയത്തിൽ സംസാരത്തിൽ മുഴുകി. അവരിൽ ചിലർ പറഞ്ഞു: ഒരുവേള അല്ലാഹുവിന്റെ റസൂൽﷺയോട് കൂടെ സഹവസിച്ച സ്വഹാബികളായേക്കാം അവർ. അവരിൽ മറ്റുചിലർ പറഞ്ഞു: ഒരുവേള അവർ ഇസ്‌ലാമിൽ ജനിക്കുകയും അല്ലാഹുവിൽ യാതൊന്നിനേയും പങ്കുചേർത്തിട്ടില്ലാത്ത വരുമായിരിക്കാം. അവർ അങ്ങനെ പല കാര്യങ്ങളും പറഞ്ഞു.

അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ അവരിലേക്ക് പുറ പ്പെട്ടുവന്നുകൊണ്ട് അവരോടത് പറഞ്ഞുകൊടുത്തു. പ്രവാചകൻﷺ പറഞ്ഞു: “അവർ മന്ത്രിച്ചൂതുവാൻ ആവശ്യപ്പെടാത്തവരും ‘കെയ്യ്’ (ചൂടുവെച്ചുള്ള ഒരുതരംചികിത്സ) നടത്താത്തവരും ശകുനം നോക്കാത്തവരും തങ്ങളുടെ റബ്ബിൽ തവക്കുലാക്കുകയും ചെയ്യുന്നവരാണ്.” ഉടൻ ‘ഉകാശ ഇബ്നു മിഹസ്വൻ’ﷺ എഴുന്നേറ്റു, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അവരുടെ കൂട്ടത്തിൽ എന്നെ അല്ലാഹു ഉൾപ്പെടുത്തുവാൻ താങ്കൾ അല്ലാഹുവോട് ‘ദുആ’ ഇരന്നാലും. അദ്ദേഹം പറഞ്ഞു: “താങ്കൾ അവരിൽപ്പെട്ടവനാണ്.” പിന്നീട് മറ്റൊരാൾ എഴുന്നേറ്റു, അയാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അല്ലാഹു അവരുടെ കൂട്ടത്തിൽ എന്നെയും ഉൾപ്പെടുത്തുവാൻ താങ്കൾ അല്ലാഹുവോട് ദുആ ഇരന്നാലും.

അപ്പോൾ പ്രവാചകൻ ﷺ പറഞ്ഞു: "അതുകൊണ്ട് ഉകാശ താങ്കളെ മുൻകടന്നിരിക്കുന്നു." [1]

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- തൗഹീദിൽ ജനങ്ങളുടെ സ്ഥാനങ്ങൾ അറിയൽ.
- തൗഹീദ് സാക്ഷാൽക്കരിക്കുന്നതിന്റെ അർത്ഥം എന്താണ്?
- 'മുശ്രിക്കുകളിൽപ്പെട്ട ആളായിരുന്നില്ല' എന്നതുകൊണ്ട് ഇബ്രാഹിം നബി ﷺയെ അല്ലാഹു ﷻ പുകഴ്ത്തുന്നു.
- ഔലിയാക്കളിലെ സാദാത്തുകൾ ശിർക്കിൽനിന്ന് സുരക്ഷിതരാണെന്നതിൽ അല്ലാഹു ﷻ അവരെ പുകഴ്ത്തി.
- മന്ത്രവും 'കെയ്യും' ഉപേക്ഷിക്കൽ തൗഹീദിന്റെ സാക്ഷാൽക്കാരത്തിൽ പെട്ടതാണ്.
- ഈ സ്വഭാവങ്ങൾ ഒരാളിൽ സമ്മേളിക്കുന്നതാണ് തവക്കുൽ.
- സ്വഹാബത്തിന്റെ അറിവിന്റെ ആഴം. പ്രവർത്തനങ്ങൾ കൊണ്ടാണ് (വിചാരണയും ശിക്ഷയും കൂടാതെ സ്വർഗ്ഗം) നേടിയതെന്ന് അവർ മനസ്സിലാക്കി.
- നന്മ ലഭിക്കുവാനുള്ള സ്വഹാബത്തിന്റെ ഉത്ഘടമായ ഇച്ഛ.
- എണ്ണത്തിലും വണ്ണത്തിലും ഈ ഉമ്മത്തികൾക്കുള്ള ശ്രേഷ്ഠത.
- മൂസാ ﷺയുടെ അനുയായികളുടെ ശ്രേഷ്ഠത.
- സമൂഹങ്ങൾ പ്രവാചകൻ ﷺക്ക് പ്രദർശിപ്പിക്കപ്പെട്ടത്.
- എല്ലാ ഓരോ സമൂഹങ്ങളും അവരുടെ നബിമാരോടൊപ്പം ഒരുമിച്ചു കൂട്ടപ്പെടും.
- അമ്പിയാക്കൾക്ക് ഉത്തരം നൽകിയവരുടെ എണ്ണക്കുറവ്.
- ഉത്തരം നൽകപ്പെടാത്ത നബിമാർ ഒറ്റക്ക് മഹ്ശറയിൽ വരും.
- ഈ (ദീനീ) വിജ്ഞാനത്തിന്റെ ഫലം; അത് ആൾപെരുപ്പത്തിൽ വഞ്ചിക്കപ്പെടാതിരിക്കലും. ആൾക്കുറവുമതിയെന്നതിൽ വിരക്തിയുണ്ടാകലുമല്ല .
- കണ്ണേറ്, വിഷബാധ എന്നിവക്ക് മന്ത്രമൂതുവാനുള്ള ഇളവ്.

---

[1] മുസ്ലിം, ഇമാം അഹ്മദ് എന്നിവർ ആരംഭത്തിൽ നേരിയ വ്യത്യാസത്തോടുകൂടിയും, ഇമാം ബുഖാരി ഇബ്നു അബ്ബാസിൽ നിന്ന് പൂർണ്ണമായും ഈ ഹദീഥിനെ നിവേദനം ചെയ്തിട്ടുണ്ട്.

- പൂർവ്വസൂരികളുടെ അറിവിന്റെ ആഴം. കാരണം ''തനിക്ക് എത്തിയ അറിവ് സ്വീകരിക്കുകയും ആ അറിവനുസരിച്ച് അമൽ ചെയ്തവർ വലിയ നന്മയാണ് പ്രവർത്തിച്ചത്. പക്ഷേ ....'' എന്ന പരാമർശത്തിലൂടെ ഒന്നാമത്തെ ഹദീഥ് ര ാമത്തെ ഹദീഥിന് എതിരല്ലെന്ന് (സഈദ് ഇബ്നു ജുബൈർﷺ) മനസ്സിലാക്കി.
- പൂർവ്വികർ തനിക്കില്ലാത്ത കാര്യത്തിൽ മദ്ഹ് ചെയ്യപ്പെടുന്നതിൽ നിന്ന് വിദൂരതയിലായിരുന്നു.
- "താങ്കൾ അവരിലൊരാളാണ്" എന്ന (പ്രവാചകൻﷺയുടെ) വാക്ക് നുബുവ്വത്തിന്റെ അടയാളങ്ങളിൽ ഒന്നാണ്.
- 'ഉകാശ'ﷺ വിന്റെ ശ്രേഷ്ഠത.
- 'മആരീദ്' ഉപയോഗിക്കൽ. (പറയുന്നവന്റെ ഉദ്ദേശത്തിന് വ്യത്യസ്തമായി കേൾക്കുന്നവൻ മനസ്സിലാക്കുവാൻ വല്ലതും പറയുന്നതിനാണ് 'മആരീദ് ' എന്ന് പറയുന്നത്. വിവ:)
- പ്രവാചകൻﷺയുടെ സൽസ്വഭാവം

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**